"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകപ്പ്-കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ബാവാക്കുഞ്ഞ് സി.എസ് ന് പ്രതേക അവശതാ അവധി -അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1505/2026/LSGD തീയതി,തിരുവനന്തപുരം, 11-08-2026

---

പരാമർശം:-

1. ശ്രീ. ബാവാക്കുഞ്ഞ് സി.എസ് സമർപ്പിച്ച 25/05/2026 തീയതിയിലെ ലീവ് അപേക്ഷ.
2. കൊച്ചി മുനിസിപ്പൽ കോർപറേഷൻ അഡിഷണൽ സെക്രട്ടറിയുടെ 08/04/2026 തീയതിയിലെ 2488523-2026 സാക്ഷ്യപത്രം.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 08/06/2026 തീയതിയിലെ LSGD/PD/19279/2024-DEF2 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ബാവാക്കുഞ്ഞ് സി.എസ്. 09.02.2026-ലെ നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി കഴിഞ്ഞ് 10.02.2026-ന് രാവിലെ വീട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ വാഹനാപകടത്തിൽപ്പെട്ട് കാലിന് ശസ്ത്രക്രിയ നടത്തേണ്ടിവരികയും ഡോക്ടറുടെ നിർദ്ദേശപ്രകാരം 10.02.2026 മുതൽ 21.04.2026 വരെ അവധിയിൽ പ്രവേശിച്ചിരുന്നു എന്നും ടി കാലയളവിൽ ടിയാൾക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള ലീവ് അപേക്ഷയും ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരിയുടെ സാക്ഷ്യപത്രവും അനുബന്ധ രേഖകളും സഹിതം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ വെളിച്ചത്തിൽ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ബാവാക്കുഞ്ഞ് സി.എസ്-ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും നഗരസഭാ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ KSR Part 1 Rule 98 പ്രകാരം 10.02.2026 മുതൽ 21.04.2026 വരെ പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകപ്പ്,തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. ബാവാക്കുഞ്ഞ് സി.എസ്, ഓഫീസ് അറ്റൻഡന്റ് , കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി )

കരുതൽ ഫയൽ/ഓഫീസിൽ കോപ്പി(EU3/170/2026-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 13-08-2026
10:22:38
സെക്ഷൻ ഓഫീസർ